P 04.07.2019-AR-AM-1

12.00-12.10

അനുബന്ധം

കേരളത്തിൽ ആശാപദ്ധതി 2007-ലാണ് ആരംഭിച്ചത്. സമൂഹത്തെ, പ്രത്യേകിച്ച് ദുർബലവിഭാഗങ്ങൾക്ക് ലഭ്യമായ ആരോഗ്യസേവനങ്ങളെക്കുറിച്ച് ബോധവത്കരിക്കുകയും അത്തരം സേവനങ്ങൾ നേടിയെടുക്കാൻ ജനങ്ങളെ സഹായിക്കുകയും അവകാശങ്ങൾ സംരക്ഷിക്കാൻ അവരോടൊപ്പം പ്രവർത്തിക്കുകയും ചെയ്യുകയാണ് ആശാപ്രവർത്തകരുടെ പ്രധാന ഉത്തരവാദിത്വം.

കേരളത്തിൽ 14 ജില്ലകളിലായി നിലവിൽ 22230 പേർ ഗ്രാമപ്രദേശങ്ങളിലും 3650 പേർ നഗരപ്രദേശങ്ങളിലും 454 പേർ ട്രൈബൽ മേഖലയിലുമായി ആകെ 26334 പേർ ആശാപ്രവർത്തകരായി പ്രവർത്തിച്ചുവരുന്നു.

വിവിധ പദ്ധതികളിൽ നിന്നും ലഭിക്കുന്ന ഇൻസെന്റീവുകളും സംസ്ഥാന സർക്കാർ മാസം തോറും നൽകുന്ന ഓണറേറിയവും, പ്രതിമാസ നിശ്ചിത ഇൻസെന്റീവുകളുമാണ് ഇവർക്ക്

നൽകിക്കൊണ്ടിരിക്കുന്നത്.

ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ ആശമാരുടെ പ്രതിമാസ ഓണറേറിയം പ്രതിമാസം 1000 രൂപയായിരുന്നു. കൂടാതെ ഫെബ്രുവരി 2016 മുതൽ മെയ് 2016 വരെയുള്ള (4 മാസം) ഓണറേറിയം കുടിശ്ശികയുമായിരുന്നു, പ്രതിമാസം കിട്ടാറുമില്ല. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷമാണ് 1000/- രൂപയിൽ നിന്നും 4500/- രൂപയായി പ്രതിമാസ ഓണറേറിയം വർദ്ധിപ്പിച്ചിട്ടുള്ളത്. 2016-17 ൽ 1500 രൂപയായും 2017-18-ൽ 2000 രൂപയായും 2018-19 ൽ 4000 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. 2019-20-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ ഇപ്പോൾ നൽകിവരുന്ന പ്രതിമാസ ആശ ഓണറേറിയം 4000/- രൂപയിൽ നിന്ന് 4500/- രൂപയായി ഉയർത്തിയിട്ടുണ്ട്.

ഇത് കൂടാതെ ചാക്രിക അടിസ്ഥാനത്തിലുള്ള ഭവനസന്ദർശനങ്ങൾക്ക് പ്രതിമാസം 2000 രൂപ നിശ്ചിത ഇൻസെന്റീവും നൽകി വരുന്നു. ഇതിനുപുറമെ ചെയ്യുന്ന ജോലിക്കനുസൃതമായി വിവിധ പദ്ധതികളിൽ നിന്നും 1500 രൂപ മുതൽ 2000 രൂപ വരെ പ്രതിമാസ ഇൻസെന്റീവും ആശമാർക്ക് ലഭിക്കുന്നുണ്ട്.

ഈ വിധത്തിൽ 8000 രൂപ മുതൽ 8500 രൂപ വരെ പ്രതിമാസം ആശമാർക്ക് ലഭിക്കുന്നതാണ്.

ആശ പ്രവർത്തകരുടെ ഇൻസെന്റീവും ഓണറേറിയവും കാലാനുസൃത മാറ്റങ്ങൾക്ക് വിധേയമാക്കി ആശ സോഫ്റ്റ്‌വെയർ വഴി അതത് ആശമാരുടെ അക്കൗണ്ടുകളിലേയ്ക്ക് നൽകിവരുന്നു. ഇത് കൃത്യമായി പ്രതിമാസം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്.

| ചാക്രിക അടിസ്ഥാനത്തിലുള്ള ഭവന സന്ദർശനങ്ങൾക്ക് നൽകുന്ന നിശ്ചിത ഇൻസെന്റീവുകൾ (പ്രതിമാസം 2000 രൂപ) | | |
|---|---|---|
| വാർഡിലുള്ള 50 വീടുകളിൽ സന്ദർശനം | 1000/- | പ്രവർത്തനപരിധിയിലെ എല്ലാ വീടുകളും ഒരു നിശ്ചിത കാലയളവിൽ പൂർത്തീകരിക്കും വിധം മാസത്തിൽ 50 വീടുകൾ സന്ദർശിച്ച് ആവശ്യമായ സേവനങ്ങൾ ഉറപ്പുവരുത്തുന്നതിന്. |
| ഗർഭിണികൾ, ഒരുവയസ്സിൽ താഴെ പ്രായമുള്ള കുട്ടികൾ ഉള്ള വീടുകളിൽ 20 സന്ദർശനം. | 500/- | പ്രവർത്തനപരിധിയിലെ ഗർഭിണികൾ, ഒരു വയസ്സിൽ താഴെ പ്രായമുള്ള കുട്ടികളുള്ള വീടുകളിൽ സന്ദർശനം നടത്തുന്നതിന് (മാസത്തിൽ 20 വീടുകൾ) |
| ഒറ്റയ്ക്ക് താമസിക്കുന്നവർ, കിടപ്പിലായ രോഗികളുള്ള വീടുകളിൽ 20 | 500/- | പ്രവർത്തനപരിധിയിലെ ഒറ്റയ്ക്ക് താമസിക്കുന്നവർ, കിടപ്പിലായ രോഗികൾ ഉള്ള വീടുകൾ സന്ദർശനം നടത്തുന്നതിന് (മാസത്തിൽ 20 വീടുകൾ) |

| | | |
|---|---|---|
| സന്ദർശനം | | |

| | |
|---|---|
| 4500 രൂപ പ്രതിമാസ ഓണറേറിയം നൽകുന്നതിനുള്ള 9 മാനദണ്ഡങ്ങൾ | |
| വാർഡ് ആരോഗ്യ റിപ്പോർട്ട് തയ്യാറാക്കുക | 500/- |
| വാർഡ് അവലോകന യോഗം നടത്തുക | 500/- |
| സബ്സെന്റർ അവലോകന യോഗത്തിൽ പങ്കെടുക്കുക | 500/- |
| പഞ്ചായത്ത് അവലോകന യോഗത്തിൽ പങ്കെടുക്കുക | 500/- |
| ആർദ്രം മിഷന്റെ ഭാഗമായുള്ള ഡ്യൂട്ടി -1 (പി.എച്ച്.സി./സി.എച്ച്.സി.) | 500/- |
| ആർദ്രം മിഷന്റെ ഭാഗമായുള്ള ഡ്യൂട്ടി -2 (സബ് സെന്റർ) | 500/- |
| ഇമ്മ്യൂണൈസേഷൻ ക്ലിനിക്/ANC ക്ലിനിക് ഡ്യൂട്ടി | 500/- |
| പാലിയേറ്റീവ് ഹോം കെയർ/NCD സ്ക്രീനിംഗ് ക്യാമ്പ് | 500/- |
| ആരോഗ്യസംബന്ധിയായ ക്ലാസ്സ്/ചർച്ച/ആക്ടിവിറ്റി | 500/- |